"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ജീവനക്കാര്യം-ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1697/2025/LSGD തീയതി,തിരുവനന്തപുരം, 08-07-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 1043/2024/LSGD തിയതി 13.06.2024
2. സ.ഉ (സാധാ) നം 82/2023/തസ്വഭവ തിയതി 11.01.2023
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03/05/2025 ലെ LSGD/PD/3705/2025-DEH2 നം കത്ത്
4. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02/06/2025 ലെ LSGD/PD/41677/2024-DEH2 നം കത്ത്

**ഉത്തരവ്**

പരാമർശം (1),(2) ഉത്തരവുകൾ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിയമിക്കപ്പെട്ട ചുവടെ ചേർത്തിട്ടുള്ള ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനായുള്ള പ്രൊപ്പോസൽ, പരാമർശം 3, 4 കത്തുകൾ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രൊബേഷൻ കാലയളവിൽ ടി ഉദ്യോഗസ്ഥർ പ്രൊബേഷനെ ബാധിക്കുന്ന തരത്തിലുള്ള അവധികൾ എടുത്തിട്ടില്ല എന്ന അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് സഹിതം ടിയാളുകൾക്കെതിരെ അച്ചടക്ക നടപടികളോ വിജിലൻസ് കേസുകളോ നിലവിലില്ലായെന്നും, ടിയാളുകളുടെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും, ടിയാളുകൾ പ്രൊബേഷൻ കാലം പൂർത്തിയാക്കിയിട്ടുള്ളതാണെന്നും, ആയതിനാൽ ടി ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, തദ്ദേശ സ്വയംഭരണ വകുപ്പിലെ ചുവടെ പട്ടികയിൽ കൊടുത്തിട്ടുള്ള ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ പ്രൊബേഷൻ അവരുടെ പേരിന് നേരെ കോളം (6)-ൽ രേഖപ്പെടുത്തിയിട്ടുള്ള തീയതി പ്രാബല്യത്തിൽ കെ എസ് & എസ് എസ് ആർ, ഭാഗം 2 , ചട്ടം 20(b) വ്യവസ്ഥകൾക്ക് വിധേയമായി തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര് | പെൻ | നിലവിലെ തസ്തികയിൽ പ്രവേശിച്ച തീയതി | പ്രൊബേഷൻ പൂർത്തിയാക്കിയ തീയതി | പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്ന തിയതി |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1 | ശ്രീകുമാർ ജി. | 490109 | 24.06.2024 A.N. | 24.12.2024 | 25.12.2024 |
| 2 | അജയകുമാർ ബി. | 415733 | 12.01.2023 A.N. | 12.07.2023 | 13.07.2023 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (*പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖേന)*

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം / തൃശ്ശൂർ

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇപിബി1/126/2025-തസ്വഭവ നം ഫയൽ)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 09-07-2025 13:49:41**

സെക്ഷൻ ഓഫീസർ